# റിപ്പബ്ലിക് ഓഫ് എത്യോപ്യയുടെ പ്രധാനമന്ത്രിയുമായി ഇന്ത്യൻ പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ഓഗസ്റ്റ് 24,2023

ജൊഹാനസ്ബർഗിൽ നടന്ന 15-ാമത് ബ്രിക്സ് ഉച്ചകോടിക്കിടയിൽ, 24 ഓഗസ്റ്റ് 2023- ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് അലിയുമായി കൂടിക്കാഴ്ച നടത്തി.

2. വികസന പങ്കാളിത്തം, കാര്യക്ഷമത പരിപോഷണം, വാണിജ്യം, നിക്ഷേപം, പ്രതിരോധ സഹകരണം, കൃഷി, ഐ.സി.ടി, യുവാക്കളുടെ നൈപുണ്യ പരിപോഷണം, ഇരു രാജ്യങ്ങളിലെ ജനങ്ങൾ തമ്മിലുള്ള ബന്ധം ഉൾപ്പെടെയുള്ള സുപ്രധാന മേഖലകളിൽ ഇരു നേതാക്കളും ഫലപ്രദമായ ചർച്ചകൾ നടത്തി. സുപ്രധാന പ്രാദേശിക ആഗോള വിഷയങ്ങളിൽ ഇരുവരും ആശയങ്ങൾ കൈമാറി.

3. എത്യോപ്യയുടെ ബ്രിക്സ് അംഗത്വത്തിൽ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് അലിയെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി അഭിനന്ദിച്ചു. വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയിൽ എത്യോപ്യ പങ്കെടുത്തത് അഭിനന്ദനീയമാണെന്നു പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി എടുത്തുപറഞ്ഞു.

4. ബ്രിക്സ് കുട്ടായിമയിൽ എത്യോപ്യക് അംഗത്വം നൽകാനുള്ള ഇന്ത്യയുടെ പിന്തുണയ്ക്ക് പ്രധാനമന്ത്രി ഡോ.അബി അഹമ്മദ് അലി നന്ദി പറയുകയും ചന്ദ്രയാൻ ദൗത്യത്തിന്റെ വിജയത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ അഭിനന്ദിക്കുകയും ചെയ്തു. ചന്ദ്രയാനിന്റെ വിജയം എത്യോപ്യയ്ക്കും ഗ്ലോബൽ സൗത്തിനും അഭിമാനത്തിന്റെയും പ്രചോദനത്തിന്റെയും നിമിഷമാണെന്ന് ഡോ.അബി അഹമ്മദ് അലി വിശേഷിപ്പിച്ചു.

**ജൊഹാനസ്ബർഗ്**
**ഓഗസ്റ്റ് 24, 2023.**